**POLICE** **KERALA** **DEPARTMENT**

**No. B1-1731/2025/M**
Malabar Special Police,
Malappuram
✉cmdtmsp.pol@kerala.gov.in
📞04832734921
Dated. 17-03-2025

**പുനർലേലപരസ്യം**

മലബാർ സ്പെഷൽ പോലീസ് (എം.എസ്.പി) ബറ്റാലിയൻറെ മേൽമുറി ക്യാമ്പിലെ ഫലവൃക്ഷങ്ങളിൽ നിന്നും ലഭ്യമാകുന്ന അനുഭവയോഗ്യമായ കായ്ഫലങ്ങൾ **2025 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെയുള്ള കാലയളവിൽ** എടുക്കുന്നതിനുള്ള ലേലം ചുവടെ ചേർത്ത സ്ഥലത്തും സമയത്തും തീയതിയിലും പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

| ലേലം നടത്തുന്ന സ്ഥലം | | തീയതി | അടക്കേണ്ട നിരത ദ്രവ്യം |
|---|---|---|---|
| എം.എസ്.പി മേൽമുറി ക്യാമ്പ് | 11AM | 19/03/2025 | ₹3200/- |

താഴെ കാണുന്ന പട്ടികയിലുള്ള ഫലവൃക്ഷങ്ങളുടെ കായ് ഫലങ്ങൾ എടുക്കുന്നതിനാണ് അവകാശം ഉണ്ടാവുക.

| ക്യാമ്പ് | തെങ്ങ് | മാവ് | പ്ലാവ് | കശുമാവ് | പുളി |
|---|---|---|---|---|---|
| മേൽമുറി | 20 | 23 | 06 | 74 | 01 |

മേൽലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുകളിൽ സൂചിപ്പിച്ച നിരതദ്രവ്യം ലേലദിവസം 10.30 മണിക്ക് മുമ്പായി ലേലസ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. കൂടുതൽ തുകക്ക് ലേലം വിളിക്കുന്നയാൾക്ക് ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്നതും ടിയാൻറെ നിരതദ്രവ്യം കിഴിച്ചുള്ള ബാക്കി തുകയും 18 % ജി.എസ്.ടി-യും ഉൾപ്പെടെയുള്ള ആകെ തുക ഈ കാര്യാലയത്തിൽ നിന്നുള്ള നിർദേശമനുസരിച്ച് ബറ്റാലിയൻ കാഷ്യർ വശം അടവാക്കേണ്ടതാണ്.

ലേലം കൊണ്ട് വ്യക്തി മേൽ പ്രസ്താവിച്ച ലേലവ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം ടി ലേലം അസ്ഥിരപ്പെടുത്തി പുനർലേലം നടത്തുന്നതായിരിക്കും. ആയന് മൂലം എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആദ്യം ലേലം കൊണ്ട് വ്യക്തിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതായിരിക്കും.

ലേലത്തിൽ പങ്കെടുത്ത ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യ തുക ലേലം കഴിഞ്ഞ ഉടനെ തിരിച്ച നൽകുന്നതാണ്.

ലേലദിവസത്തിന് മുമ്പുള്ള ദിവസങ്ങളിൽ രാവിലെ **11 മണി** മുതൽ വൈകിട്ട് **4 മണി** വരെ ബന്ധപ്പെട്ട ഓഫീസർ (അസി. കമാണ്ടൻസ്റ് (എ.എം)) ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻറെ സാന്നിധ്യത്തിൽ ലേലവസ്തു പരിശോധിക്കാവുന്നതാണ്. മേൽ പരിശോധനക്ക് വരുന്നവരും ലേലത്തിൽ പങ്കെടുക്കുന്നവരും, സർക്കാർ അംഗീകൃത തിരിച്ചറിയൽ കാർഡ് കൈവശം വെക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലനടപടികൾ മാറ്റി വെക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം മലബാർ സ്പെഷൽ പോലീസ് യൂണിറ്റ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

RAJU A S IPS
Commandant

| | | |
|---|---|---|
| To | : | ലേലബോർഡ് അംഗങ്ങൾക്ക്, മേൽ ലേലം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. |
| Copy To | : | (1) എല്ലാ ജില്ല പോലീസ് മേധാവി-മാർക്കും കമാൻഡൻറുമാർക്കും അറിവിലേക്കും പരസ്യബോർഡിൽ പ്രദർശിപ്പിക്കുന്നതിനുമായി. (2) ജില്ല ഇൻഫർമേഷൻ ഓഫീസർ, ജില്ല ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം-സ് വ്യാപകപരസ്യത്തിനായി. (3) മലപ്പുറം, പെരിന്തൽമണ്ണ, മഞ്ചേരി, കോട്ടക്കൽ.കൊണ്ടോട്ടി, പരപ്പനങ്ങാടി, തിരൂർ മുനിസ്സിപ്പൽ സെക്രട്ടറിമാർക്കും കൂട്ടിലങ്ങാടി,കുറുവ, മക്കരപ്പറമ്പ്, അങ്ങാടിപ്പുറം, മങ്കര, ഊരകം, വേങ്ങര, കണ്ണമംഗലം,പാപ്പൂർ, കോറൂർ, പൊന്മുള ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പരസ്യബോർഡിൽ പ്രദർശിപ്പിക്കുന്നതിനായി (4) ലേലബോർഡ് അംഗങ്ങൾ, ബറ്റാലിയൻ കാഷ്യർ- എന്നിവർക്ക് അറിവിലേക്കും അനന്തരനടപടികൾക്കുമായി. |

Internal Administrative Processing System
iAPS
KERALA POLICE